പതിനാലാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ : 80

04.06.2018-ൽ മറുപടിയ്ക്ക്

## ജി.ആർ.ഇ.എഫ്.സർവ്വീസിൽ നിന്നും വിരമിച്ചവർക്കുള്ള ആനുകൂല്യങ്ങൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.ആർ.രാജേഷ് | പിണറായി വിജയൻ (മുഖ്യമന്ത്രി) |
| (എ) ജി.ആർ.ഇ.എഫ്.സർവ്വീസിൽ നിന്നും വിരമിച്ചവർക്ക് ആർമി സർവ്വീസിൽ നിന്നും വിരമിച്ചവർക്കു ലഭിക്കുന്ന എല്ലാ ആനുകൂല്യങ്ങളും ലഭിക്കുന്നില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (എ) ഉണ്ട് . |
| (ബി) പ്രസ്തുത ആനുകൂല്യങ്ങൾ ലഭിക്കുന്നതിനുവേണ്ടി സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്ന് വിശദമാക്കാമോ ; ഇതിൽ എന്തെങ്കിലും കാര്യങ്ങൾ നടപ്പിലാക്കിയിട്ടുണ്ടോ ; ഉണ്ടെങ്കിൽ എന്തെല്ലാമെന്ന് വിശദമാക്കാമോ ; | (ബി) വിരമിച്ച സൈനികർക്ക് നൽകി വരുന്ന ആനുകൂല്യങ്ങൾ GREF ന് അനുവദിക്കുന്നതുമായി ബന്ധപ്പെട്ട് സാമ്പത്തിക ബാദ്ധ്യത കൂടാതെ നടപ്പിലാക്കാൻ കഴിയുന്നവ സംബന്ധിച്ച വിഷയം ചർച്ച ചെയ്യുന്നതിന് അഡീഷണൽ ചീഫ് സെക്രട്ടറി (LSGD), പ്രിൻസിപ്പൽ സെക്രട്ടറി (H&FWD), സെക്രട്ടറി (P &ARD), സെക്രട്ടറി (GAD) എന്നിവരുടെ യോഗം ആഭ്യന്തര വകുപ്പ് മുൻ അഡീഷണൽ ചീഫ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ 15.07.2016 ൽ നടക്കുകയും, സർക്കാരിന് കൂടുതൽ സാമ്പത്തിക ബാദ്ധ്യത ഉണ്ടാകാതെ നടപ്പിലാക്കാൻ കഴിയുന്ന ആനുകൂല്യങ്ങൾ സംബന്ധിച്ച റിപ്പോർട്ട് സമർപ്പിക്കാൻ തദ്ദേശ സ്വയംഭരണ, ഉദ്യോഗസ്ഥ ഭരണ പരിഷ്കാര വകുപ്പുകളോട് ആവശ്യപ്പെട്ടിരിക്കുകയുമാണ്. റിപ്പോർട്ട് ലഭിച്ചിട്ടില്ല . |
| (സി) നിലവിൽ ഇവർക്ക് ലഭ്യമായിക്കൊണ്ടിരിക്കുന്ന സർക്കാർ ആനുകൂല്യങ്ങൾ എന്തെല്ലാമെന്ന് അറിയിക്കുമോ ; | (സി) ആനുകൂല്യങ്ങളൊന്നും നൽകുന്നില്ല . |
| (ഡി) വീട്ടുകരം ഇളവ്, ഇ.സി.എച്ച്.എസ് സ്കീം, സർവ്വീസ് പേഴ്സണലിന് തുല്യമായ ശമ്പളവും പെൻഷനും തുടങ്ങിയവ പ്രസ്തുത സർവ്വീസിൽ ഉണ്ടായിരുന്നവർക്ക് അനുവദിച്ചിട്ടുണ്ടോ ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ ? | (ഡി) ഇല്ല . പരിഗണനയിലില്ല . |

സെക്ഷൻ ഓഫീസർ